**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5970** **09-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.യുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ.യുടെ ശാക്തീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | കെ.എസ്.എഫ്.ഇ യുടെ അടച്ചു തീർത്ത മൂലധനം 100 കോടി രൂപയാണ്. ഇത് 250 കോടി രൂപയായി ഉയർത്തുന്നതിനു വേണ്ട നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കേരള സർക്കാരിന്റെ സമ്പൂർണ്ണ ഡിജിറ്റൽ ഇൻക്ലൂഷൻ പരിപാടിയുടെ ഭാഗമായി കെ.എസ്. എഫ്.ഇ. പവർ എന്ന പേരിൽ മൊബൈൽ ആപ്പ് 2023 ഒക്ടോബർ മാസം 11-ാം തിയ്യതി നിലവിൽ വന്നു. ഈ ആപ്പ് മുഖാന്തരം ചിട്ടി / ലോൺ പദ്ധതികളിൽ പണം അടയ്ക്കുന്നതിനും പ്രോക്സി നൽകുന്നതിനും ലേലം വിവരങ്ങൾ അറിയുന്നതിനും സാധ്യമാകുന്നതുവഴി ഇടപാടുകാർക്ക് നൽകുന്ന സേവനങ്ങൾ കൂടുതൽ സുതാര്യവും ലളിതവും വേഗതയേറിയതുമായ പ്രക്രിയയായി.<br><br>സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾ പ്രായോഗികമായി നടപ്പിലാക്കുന്നതിനായി Receivable Management System എന്ന സംവിധാനം നടപ്പിലാക്കി. കോൾ സെന്റർ സംവിധാനം, Call Alert, SMS Alert തുടങ്ങിയ സേവനങ്ങൾ കൂടി ഇക്കാര്യത്തിൽ ഉപയുക്തമാക്കി. അഡ്മിനിസ്ട്രേഷന്റെ ഭാഗമായി കെ.എസ്.എഫ്.ഇ. യിലെ ശാഖകൾ, മേഖലാ ഓഫീസുകൾ, ഹെഡ് ഓഫീസ് എന്നിവിടങ്ങളിലെ ഫയൽ മൂവ്മെന്റ് അറിയുന്നതിനും അതുവഴി സേവനങ്ങൾ വേഗത്തിലാക്കുന്നതിനുമായി ഫയൽ ട്രാക്കിങ്ങ് സിസ്റ്റം നടപ്പിലാക്കി. നിരന്തരമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു കൊണ്ട് എല്ലാ വിഭാഗം ജീവനക്കാരുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുകയും അതുവഴി മെച്ചപ്പെട്ട സേവനങ്ങൾ നൽകുവാനും കഴിയുന്നു. |

| | | | |
|---|---|---|---|
| | | | 2024-25 സാമ്പത്തിക വർഷത്തിൽ കെ.എസ്.എഫ്.ഇ ഗാലക്സി ചിട്ടി എന്ന പേരിൽ സമ്മാനങ്ങളോടുകൂടി സവിശേഷ ചിട്ടി പദ്ധതി ആരംഭിച്ചു. നിക്ഷേപ പദ്ധതികളായ നേട്ടം, വന്ദനം എന്നിവ ആരംഭിച്ചു. കുറഞ്ഞ കാലാവധിയിൽ കൂടുതൽ തുക ലഭ്യമാക്കുന്ന സ്വർണ്ണ പ്പണയ വായ്പ കെ.എസ്.എഫ്.ഇ. പ്രീമിയം ഗോൾഡ് ലോൺ ആരംഭിച്ചു. |
| (ബി) | കെ.എസ്.എഫ്.ഇ.യുടെ സാമ്പത്തിക ശേഷിയിലും ബിസിനസിലും ഉണ്ടായിട്ടുള്ള വർദ്ധനവ് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | കെ.എസ്.എഫ്.ഇ. യുടെ ടേൺ ഓവർ 2020-21 ൽ 52762 കോടി രൂപയായിരുന്നത് 2021-22 ൽ 59323 കോടി രൂപയായും 2022-23 ൽ 69153 കോടി രൂപയായും 2023-24 ൽ 81279 കോടി രൂപയായും ഉയർന്നിട്ടുണ്ട്. |
| (സി) | ചിട്ടികൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുന്ന നടപടിയുടെ പുരോഗതി അറിയിക്കാമോ; ആയതിന് എന്തൊക്കെ തടസ്സങ്ങളുണ്ടെന്നും അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ; | (സി) | ചിട്ടി വിളിച്ചെടുത്ത് ചിട്ടി പണം കൈപ്പറ്റിയ ചിറ്റാളൻ മരണപ്പെടുന്ന സാഹചര്യം ഉണ്ടായാൽ ചിട്ടിയുടെ മേൽ ബാധ്യത ഒഴിവാക്കുന്നതിന് ഇൻഷുറൻസ് പരിരക്ഷയ്ക്ക് സമാനമായ ഒരു പദ്ധതി കെ.എസ്.എഫ്.ഇ. തനതായി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഈ പദ്ധതി ഇപ്പോൾ നിലവിൽ ഇല്ല. ഇൻഷുറൻസ് കമ്പനികളുമായി ചേർന്ന് കൂടുതൽ കാര്യക്ഷമമായും പ്രായോഗികമായും ഇൻഷുറൻസ് പരിരക്ഷ തുടരുന്ന കാര്യം വിവിധങ്ങളായ പഠനങ്ങൾക്ക് വിധേയമാക്കി വരികയാണ്. |
| (ഡി) | വർദ്ധിച്ചുവരുന്ന ബിസിനസിന് ആനുപാതികമായി ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ഡി) | ബിസിനസ്സ് വളർച്ചയ്ക്ക് ആനുപാതികമായി PSC വഴി ജൂനിയർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് എന്നിവരുടെ നിയമനം നടന്നു വരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ജൂനിയർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ യഥാക്രമം 475, 291 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ